# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അയർക്കുന്നം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി12/1795/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 28/11/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയർക്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെറ്റിഎം പി12/1795/2024 തീയ്യതി: 28/11/2024

# കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 22-10-2024 | 29-10-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-10-2024 | 29-10-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
സുധ ജേക്കബ്, ഓഡിറ്റ് ഓഫീസർ
സുനിത എം എസ്, അസി.ഓഡിറ്റ് ഓഫീസർ
സജിമോൾ വി, അസി.ഓഡിറ്റ് ഓഫീസർ
അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സീന ബിജു നാരായണൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ സുരേഷ് കുമാർ എസ് | സെക്രട്ടറി | 14-07-2023 | 13-11-2023 |
| ശ്രീ സുരേഷ് കുമാർ വി | സെക്രട്ടറി | 11-12-2023 | 17-03-2024 |
| ശ്രീ. ഹരീഷ് കുമാർ എൻ | സെക്രട്ടറി | 01-04-2023 | 07-07-2023 |
| ശ്രീ രതീഷ് കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-07-2023 | 13-07-2023 |
| ശ്രീ രതീഷ് കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-11-2023 | 10-12-2023 |
| ശ്രീ രതീഷ് കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സരിത പി ഗോപാൽ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി | 01-04-2023 | 31-03-2024 |
| മനു കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. വിമി ഇക്ബാൽ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2023 | 31-03-2024 |
| ഡോ. അഞ്ചു പി ബി | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. ദീപ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഗീതു ആനന്ദ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| സജീവ് കെ എസ് | വി ഇ ഓ | 01-04-2023 | 15-10-2023 |
| ആമിന എം എസ് | വി ഇ ഓ | 16-10-2023 | 17-01-2024 |
| അനിൽകുമാർ കെ എസ് | വി ഇ ഓ | 18-01-2024 | 31-03-2024 |
| ശില്പമോൾ പി എസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 19-07-2023 |
| ജയലക്ഷ്മി എൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 20-07-2023 | 31-03-2024 |
| ഡോ. ബിജു പി | വെറ്ററിനറി സർജൻ | 01-04-2023 | 30-05-2023 |
| ഡോ. പ്രേമ സ്റ്റെല്ല ഭായി | വെറ്ററിനറി സർജൻ | 31-05-2023 | 31-03-2024 |
| പ്രീതി സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| സജിനിമോൾ ജി | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| രതീഷ് കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-4 |
| 6 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല. | 1-1-5 |
| 7 | ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-6 |
| 8 | വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ തുക ചെലവഴിച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-7 |
| 9 | Beneficiary Contribution ഇനത്തിലുള്ള നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല. | 1-1-8 |
| 10 | വരവ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. | 1-1-9 |
| 11 | Other Deposits - കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല. | 1-1-11 |
| 13 | ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | തൊഴിലുറപ്പ് പദ്ധതി കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-13 |
| 15 | ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ചെലവ് തുകകളിൽ വ്യത്യാസം | 1-1-14 |
| 16 | സ്ഥിരനിക്ഷേപതുക -കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ധനകാര്യ കമ്മീഷൻ അവാർഡ് - ചെലവ് തുകയിൽ വാർഷിക ധനകാര്യ പത്രികയും സുലേഖ പത്രികയും തമ്മിൽ വ്യത്യാസം | 1-4-1 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | വാർഷികപദ്ധതി അവലോകനം | 1-5 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | സാമൂഹ്യ ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | ഓൺലൈൻ ഇടപാടുകൾക്കുള്ള പലിശരഹിത അക്കൗണ്ടിൽ വലിയ തുക ബാലൻസ് നിലനിൽക്കുന്നു | 1-11 |
| 28 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു-എ.സി.ആർ. എഴുതി സൂക്ഷിച്ചിട്ടില്ല | 1-12 |
| 29 | വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-13 |
| 30 | എസ് സി പി, ടി എസ് പി ഫണ്ടുകളുടെ വിനിയോഗത്തിലെ പിഴവ് - പരിഹാര വകയിരുത്തൽ നടത്തേണ്ടിവന്നതുമൂലം 2024-25 വർഷം പൊതുവിഭാഗം ഫണ്ടിന് നഷ്ടം | 1-14 |
| 31 | 25 ലക്ഷത്തിലധികം രൂപ വസ്തുനികുതി/സേവന ഉപനികുതി കുടിശ്ശിക നിലനിൽക്കുന്നു | 1-15 |
| 32 | വസ്തുനികുതി- സേവനഉപനികുതി വിജ്ഞാപനം ചെയ്തതിലും കറഞ്ഞ നിരക്കിൽ ഈടാക്കുന്നു | 1-16 |
| 33 | സേവന ഉപനികുതി കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ് | 1-17 |
| 34 | വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ പരിഗണിച്ചു | 1-18 |

| | | |
|---|---|---|
| 35 | 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-19 |
| 36 | തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 1- 20 |
| 37 | ജീവനക്കാരുടെ തൊഴിൽ നികുതി- അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയില്ല | 1-21 |
| 38 | വാടക പിരിവ് - അപാകതകൾ | 1- 22 |
| 39 | ബസ് സ്റ്റാൻഡ് ഫീസ് പിരിവ് - ലേലനടപടികൾ സ്വീകരിക്കേണ്ടതാണ് | 1- 23 |
| 40 | പാടശേഖര സമിതിക്ക് കൊയ്ത്തുമെതി യന്ത്രം വാടകയ്ക്ക് നൽകിയത് - വാടക കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-24 |
| 41 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-25 |
| 42 | ജനകീയ ഹോട്ടൽനിർമ്മാണം - സോയിൽ ടെസ്റ്റിന് തുക അടച്ചു- പദ്ധതി നടപ്പാക്കിയില്ല | 1- 26 |
| 43 | ക്ലീൻ കേരള മിഷൻ വിഹിതം നൽകൽ- ചെലവ് രേഖകൾ പൂർണമല്ല | 1-27 |
| 44 | എബിസി പ്രോഗ്രാം വിഹിതം നൽകൽ- ചെലവ് രേഖകൾ പൂർണമല്ല | 1- 28 |
| 45 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത് - തിരികെ ഈടാക്കാൻ അവശേഷിയ്ക്കുന്നു | 1-29 |
| 46 | തനതുഫണ്ട് ചെലവുകൾ- തുടർനടപടി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-30 |
| 47 | നിക്ഷേപപ്രവൃത്തികൾ -പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-31 |
| 48 | അസി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ ഇ ടെൻഡർ ഫീസ് തുകകൾ, ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല | 1-32 |
| 49 | തുമ്പൂർമൂഴി മോഡൽ -എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്- പദ്ധതി നിർവ്വഹണ നടപടിക്രമങ്ങളിൽ അപാകത | 1-33 |
| 50 | സ്ത്രീകളുടെ വ്യക്തിഗത സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ - ചെലവ് രേഖകൾ ലഭ്യമായില്ല | 1-34 |
| 51 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല | 1-35 |
| 52 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-36 |
| 53 | പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് - സ്പിൽ ഓവർ പ്രോജക്ട് നാളിതുവരെയും നടപ്പാക്കിയില്ല | 1-37 |
| 54 | കന്നുകുട്ടി പരിപാലനപദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-38 |
| 55 | സി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ-129002/- രൂപയുടെ മരുന്ന് ലഭ്യമായില്ല | 1-39 |
| 56 | പാലിയേറ്റീവ് പരിചരണ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-40 |
| 57 | വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27/05/2024 തീയതിയിലെ 3(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31/05/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി:28.11.2024** **ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2022-23

വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം 31/03/2024 വരെയുള്ളത് വ്യക്തമാക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

## 1-1-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

## 1-1-4 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

## 1-1-5 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല.

2023-24 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999 - Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രുവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 5.48 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യുകയും ആയതിൽ 5.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾക്ക് ഇനം തിരിച്ചുള്ള ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത് .

## 1-1-6 ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റിനായുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ (Canara Bank, അയർക്കുന്നം ബ്രാഞ്ച് , അക്കൗണ്ട് നം. 110043252030) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

## 1-1-7 വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ തുക ചെലവഴിച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ 250000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുക 254200108 - State Sponsored Schemes- Financial Help For Widow's Daughters Marriage എന്ന കണക്ക് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-8 Beneficiary Contribution ഇനത്തിലുള്ള നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല.

Beneficiary Contribution ഇനത്തിൽ ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്ന 1626193/- രൂപയുടെ മുന്നിരിപ്പ്, തൻ വർഷ വരവ് കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു. 2023-24 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-1-9 വരവ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

കാലിബാരലുകളുടെ വില 150120102 - Receipts From Sale Of Scrap/ Empties And Waste Materials എന്ന ശീർഷകത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

**1-1-10 Other Deposits - കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

340109901-Other Deposits ഇനത്തിലുള്ള തുകയുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രികയും ഡെപ്പോസിറ്റ് രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല. B-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 96000/- രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് 96500/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

**1-1-11 മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.**

സാക്ഷരത പ്രേരകുമാർക്ക് മുൻവർഷങ്ങളിൽ നൽകിയ തുകയുൾപ്പെടെ ക്രമീകരിക്കാതെ തുടരുന്നത് Temporary Advance To Official Purposes എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. Advance To Saksharatha ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

**1-1-12 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.**

ബി-5 Secured Loans (KURDFC വായ്പ) ഷെഡ്യൂളും ബി-16 Pre-Paid Expenses ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല. മേൽ ഷെഡ്യൂളുകൾ തമ്മിൽ 48,63,100/-രൂപയുടെ വ്യത്യാസമാണുള്ളത്. എന്നാൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളത് 39,103/- രൂപ മാത്രമാണ് . തുകയിൽ വ്യത്യാസം സംബന്ധിച്ച Notes On Account തയ്യാറാക്കിയിട്ടില്ല.

**1-1-13 തൊഴിലുറപ്പ് പദ്ധതി കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല**

തൊഴിലുറപ്പ് പദ്ധതി നീക്കിക്കിയിരിപ്പ് തുക കാഷ് ബുക്ക് പ്രകാരവും വാർഷിക ധനകാര്യ പത്രിക പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

**1-1-14 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ചെലവ് തുകകളിൽ വ്യത്യാസം**

ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് കണക്കുകൾ സുലേഖ പത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് ചെലവ് തുകയിൽ 58,830/- രൂപയുടെയും അൺ ടൈഡ് ഫണ്ട് ചെലവ് തുകയിൽ 390/- രൂപയുടെയും ഉൾപ്പടെ ആകെ 59,220/- രൂപ സുലേഖ ചെലവ് പത്രികയുമായി വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് കണക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

**1-1-15 സ്ഥിരനിക്ഷേപതുക -കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

സ്ഥിരനിക്ഷേപ തുകയുമായി ബന്ധപ്പെട്ട കണക്കുകൾ, വാർഷിക ധനകാര്യപത്രികയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല. ഐ-7 ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിരനിക്ഷേപതുകയുടെ പലിശ 231404/- രൂപയാണ്. പലിശയിനത്തിൽ ബാങ്ക് മുതൽകൂട്ടിയിട്ടുള്ളത് 149804/- രൂപയാണ്. ബാങ്ക് പത്രിക പ്രകാരം 31.03.2024 ൽ നീക്കിയിരിപ്പുള്ള സ്ഥിര നിക്ഷേപം 3487192/- രൂപയാണ്. എന്നാൽ B-12 ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിരനിക്ഷേപ തുക 3756100/- രൂപയാണ്. മേൽ വ്യത്യാസങ്ങൾ വിശദീകരിക്കപ്പെട്ടിട്ടില്ല.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 16.03.2023 ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24.01.2024 -ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | |
|---|---|---|
| | അവതരിപ്പിച്ചത് | പുതുക്കിയത് |
| മുന്നിരിപ്പ് | 9747576 | 15796694 |
| വരവ് | 295000000 | 275974114 |
| ആകെ | 304747576 | 291770808 |
| ചെലവ് | 296009000 | 283878493 |
| | | |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 8738576 | 7892315 |

ബജറ്റ് പ്രകാരം 30.47 കോടി രൂപ വരവും 29.60 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 17.07 കോടി രൂപയും ചെലവ് 18.93 കോടി രൂപയുമാണുള്ളത്. ഒറിജിനൽ ബജറ്റ് പ്രകാരമുള്ള മതിപ്പ് വരവ്/ചെലവ് തുകകളും 2024-25 വർഷത്തെ ബജറ്റ് അവതരണത്തോടൊപ്പം നിയമാനുസൃതം തയ്യാറാക്കിയ 23-24 ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള മതിപ്പ് തുകകളും തമ്മിൽ കാര്യമായ വ്യതിയാനം ഉണ്ട്. എന്നാൽ യഥാർത്ഥ കണക്കുകളുമായി താരതമ്യത്തിന് അതീതമായ വ്യത്യാസം നിലനിൽക്കുന്നു. നിലവിൽ തയ്യാറാക്കുന്ന ബജറ്റ് ഡോക്യുമെന്റ് ധനവിനിയോഗ നിയന്ത്രണത്തിനുള്ള ഒരു പ്രാമാണിക രേഖ എന്ന നിലയിൽ ഉപയുക്തമാവുന്നില്ല. വരും വർഷങ്ങളിൽ ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 50535760 |
| ഓഡിറ്റ് വർഷത്തെ വരവ് | 63777308 |
| ആകെ | 114313068 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65563279 |
| നീക്കിയിരിപ്പ് | 48749789 |

### ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 170693166 |
| ആകെ ചെലവ് | 189315574 |
| വരുമാന നഷ്ടം | 18622408 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 34650 |
| അറ്റ പ്രവർത്തന നഷ്ടം | 18657058 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,12,209/- |

## 1-4-1 ധനകാര്യ കമ്മീഷൻ അവാർഡ് - ചെലവ് തുകയിൽ വാർഷിക ധനകാര്യ പത്രികയും സുലേഖ പത്രികയും തമ്മിൽ വ്യത്യാസം

ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് ഫണ്ട് ചെലവ് തുകയിൽ 58,830/- രൂപയുടെയും അൺ ടൈഡ് ഫണ്ട് ചെലവ് തുകയിൽ 390/- രൂപയുടെയും ഉൾപ്പടെ ആകെ 59,220/- രൂപയുടെ വ്യത്യാസം സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയും പ്രകാരം കാണപ്പെടുന്നു. വിശദാംശം ചുവടെ .

ധനകാര്യ കമ്മീഷൻ അവാർഡ് - അൺ ടൈഡ് ഫണ്ട്

G.O(Rt)8385/ 2023/Fin തീ: 29.11.2023 നമ്പർ ഉത്തരവ് പ്രകാരം 2517000/- രൂപയും 01.03.2024 ലെ GO(Rt)1961/2024/Fin. ഉത്തരവ് പ്രകാരമുള്ള 2517000/- രൂപയും ഉൾപ്പടെ ആകെ 5034000/- രൂപയാണ് ധനകാര്യ കമ്മീഷൻ അവാർഡ് ( അൺ ടൈഡ്) ഇനത്തിൽ പഞ്ചായത്തിന് അനുവദിച്ചത്. എന്നാൽ ഇ-ഗ്രാമസ്വരാജ് സൈറ്റിലെ വിവരങ്ങൾ പ്രകാരം പഞ്ചായത്തിന് 400/- രൂപ കുറവായി 5033600/- രൂപയാണ് ലഭ്യമായത്. ടി കുറവ് നികത്തുന്നതിനായി തനത്ഫണ്ടിൽ നിന്നും 400/- രൂപയും ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ് ) ഫണ്ടിൽ നിന്നും 49600/- രൂപയും ഉൾപ്പടെ 50000/- രൂപ പ്രോജക്റ്റ് നം.113/24 - സി എച്ച് സി യ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി വകയിരുത്തുകയും ടി പദ്ധതിയുടെ ചെലവ് തുകയായ 49990/- രൂപയ്ക്ക് മെഡിക്കൽ ഓഫീസർ -സി എച്ച് സി , വെബ് സാംഖ്യ വഴി CFC ( Untied) ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി റിക്വിസിഷൻ നൽകുകയും ചെയ്തു. തന്മൂലം 390/- രൂപ തനത്

ഫണ്ടിൽ നിന്നും ചെലവായെങ്കിലും മുഴുവൻ തുകയും CFC ( Untied ) ഫണ്ടിൽ നിന്നും ചെലവായിട്ടുള്ളതാണെന്നാണ് സുലേഖ ചെലവ് പത്രികയിൽ എൻട്രി വന്നിട്ടുള്ളത്.

ധനകാര്യ കമ്മീഷൻ അവാർഡ് - ടൈഡ് ഫണ്ട്

ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് ) ഫണ്ട് ലഭ്യമാകുവാൻ കാലതാമസം വന്നതിനെത്തുടർന്ന് 147/24 - പുതിയ തുറന്ന കിണർ (ചെലവ് -35000), 144/24 - ഹരിത കർമ്മസേന പ്രവർത്തനങ്ങൾ (ചെലവ് - 23830) എന്നീ പ്രോജക്ടുകൾക്കായി 58830/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നെങ്കിലും വെബ് സാംഖ്യ വഴി റികിവിസിഷൻ നൽകിയത് ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനായാണ്. തന്മൂലം സുലേഖ സോഫ്ട്‌വെയറിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് CFC ( Tied) ഫണ്ടിൽ നിന്നുമാണ്.

അപാകത പരിഹരിക്കുന്നതിനായി ഐ കെ എം ന് അപേക്ഷ നൽകിയിരുന്നുവെങ്കിലും ആയത് പരിഹരിക്കുവാൻ സാധിക്കുകയില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-4 ഗ്രാന്റ് വിനിയോഗം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗം സംബന്ധിച്ചും വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും വിനിയോഗം സംബന്ധിച്ചും ചുവടെ പട്ടികയിൽ വിവരിക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് (%) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 30398000 | 30398000 | 25927197 | 4470803 | 85.29 |
| വികസന ഫണ്ട്-SCP | 0 | 6069000 | 6069000 | 4420964 | 1648036 | 72.85 |
| വികസന ഫണ്ട്-TSP | 0 | 168000 | 168000 | 114799 | 53201 | 68.33 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 1140564 | 5323667 | 6464231 | 2814545 | 3649686 | 43.54 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 8201094 | 3775000 | 11976094 | 6290990 | 5685104 | 52.53 |
| മെയിന്റനൻസ് ഗ്രാന്റ് – Road | 0 | 16042650 | 16042650 | 10038573 | 6004077 | 62.57 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 3574000 | 3574000 | 3530284 | 43716 | 98.78 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി (TSC) | 312198 | 0 | 312198 | 210000 | 102198 | - |
| ICDS ഫണ്ട് | 2268295 | 1908037 | 4176332 | 454540 | 3721792 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 500000 | 0 | 500000 | 0 | 500000 | - |
| ഹെൽത്ത് ഗ്രാന്റ് | 2138 | 451115 | 453253 | 446000 | 7253 | - |
| ഹെൽത്ത് ഗ്രാന്റ് – ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 3894 | 1103515 | 1107409 | 1065953 | 41456 | - |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിമയത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ജി.ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ് സി പി, ടി എസ് പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു .

2. വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | തനത് നികുതിയുടെ 90% ശേഖരിക്കാത്തത് മൂലം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 30398000 | ഇല്ല | 30398000 | 324/24–481800/-<br>328/24-481800/-<br>334/24-481800/-<br>325/24-483979/-<br>329/24-483979/-<br>335/24-483981/-<br>ആകെ-2897339/- | 27500661 |
| വികസന ഫണ്ട്-SCP | 6069000 | ഇല്ല | 6069000 | 327/24–151904/-<br>330/24–151904/-<br>336/24-151904/-<br>ആകെ-455712/- | 5613288 |
| വികസന ഫണ്ട്-ടിഎസ്പി | 168000 | ഇല്ല | 168000 | 337/24 – 9299/-<br>326/24 – 9300/-<br>333/24 - 9300/-<br>ആകെ-27899/- | 140101 |

3. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

4. B4 ഷെഡ്യൂളിന്റെ എസിആർ എഴുതി സൂക്ഷിക്കാത്തതിനാൽ കേന്ദ്ര, സംസ്ഥാനാവിഷ്ക്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ രണ്ടാം ഗഡു, മെയിന്റനൻസ് ഗ്രാന്റുകളുടെ മൂന്നാം ഗഡു എന്നിവ പഞ്ചായത്തിന് 2023-24 വർഷം അലോട്ട്മെന്റായി ലഭിച്ചിട്ടില്ല. പൊതു ഉദ്ദേശ്യ ഗ്രാന്റ് (General Purpose Fund) 2023-24 വർഷം അവസാന മൂന്ന് ഗഡു ലഭിച്ചിട്ടില്ല.

6. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ബജറ്റ് വകയിരുത്തൽ 5034000/-രൂപ ആയിരുന്നുവെങ്കിലും ബാങ്ക് പലിശ ഇനത്തിൽ ലഭ്യമായ 289667/-രൂപ ഉൾപ്പെടെ ആകെ 5323667/-രൂപ വിനിയോഗിക്കാൻ ലഭ്യമായിരുന്നു. ബേസിക് ഗ്രാന്റിനത്തിൽ ഉൾപ്പെടുന്ന 2023-24 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

6. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് ചെലവ് തുകയിൽ 58,830/- രൂപയുടെയും അൺടൈഡ് ഫണ്ട് ചെലവ് തുകയിൽ 390/- രൂപയുടെയും ഉൾപ്പടെ ആകെ 59,220/- രൂപ സുലേഖ ചെലവ് പത്രികയുമായി വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് കണക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

പ്രസ്തുത അപാകതകൾക്ക് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) രണ്ടാം വാർഷിക പദ്ധതിയ്ക്ക് (2023-24 ) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 83898/23/DPC/DPO/KTM തീയതി 23-02-2024 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിരുന്നു. ആകെ 299

പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 17,05,04,505/- രൂപയാണ്. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും സംയുക്തയോഗം 12-1-2023 ലും വികസന സെമിനാർ 16-2-23 ലും ചേർന്നിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്തൃലിസ്റ്റിന് 27-05-23 മുതൽ നടന്ന ഗ്രാമസഭകളിൽ അംഗീകാരം ലഭിച്ചു. 2023-24 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 25,51,000/- | 23,00,500/- | 90 |
| വെറ്ററിനറി സർജൻ | 7 | 6 | 63,15,000/- | 16,83,667/- | 27 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 8 | 8 | 33,94,590/- | 31,40,693/- | 93 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 3 | 3 | 2,00,000/- | 1,78,800/- | 89 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 2 | 2 | 3,25,000/- | 3,25,000/- | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 21,00,000/- | 14,67,079/- | 70 |
| സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 1,00,000/- | 39465/- | 39 |
| വി.ഇ.ഒ | 37 | 23 | 5,20,11,109/- | 2,78,45,921/- | 54 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 69,75,000/- | 47,49,229/- | 68 |
| സെക്രട്ടറി | 69 | 33 | 2,54,27,493/- | 1,50,68,817/- | 59 |
| അസി.എഞ്ചിനീയർ | 128 | 94 | 6,68,48,281/- | 3,46,02,809/- | 52 |
| ഹെഡ്മാസ്റ്റർ | 7 | 7 | 13,49,520/- | 13,18,600/- | 98 |
| അസി.സെക്രട്ടറി | 19 | 12 | 29,07,512/- | 13,30,790/- | 46 |
| ആകെ | 299 | 207 | 17,05,04,505/- | 9,40,51,370/- | 55 |

മികച്ച തനത് വരുമാനമുള്ള ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ വിവിധ പ്രൊജക്റ്റുകൾക്കായി തനത് ഫണ്ട് വകയിരുത്തിയിരുന്നത് 3.41 കോടി രൂപയാണ്. ഇതിൽ 1.86 കോടി രൂപ തൻവർഷം ചെലവഴിച്ചിരുന്നു. തനത് ഫണ്ട് വകയിരുത്തി പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോൾ മുൻവർഷ വകയിരുത്തലിനേക്കാൾ (മുൻവർഷ വകയിരുത്തൽ 1.08കോടി രൂപ) 15% ത്തിൽ കൂടുതൽ തുക വകയിരുത്തുന്ന പക്ഷം പെർഫോമൻസ് സൂപ്പർവൈസറുടെ അനുമതി ആവശ്യമായിരുന്നു. തുടർ വർഷങ്ങളിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**<u>സഞ്ചിതനിധിയിലേയ്ക്ക് 1.2 കോടിയിലധികം രൂപ തിരികെ എടുക്കപ്പെട്ടു</u>**

ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 4470803 |
| വികസന ഫണ്ട്-SCP | 1648036 |
| വികസന ഫണ്ട്-TSP | 53201 |
| മെയിന്റനൻസ് ഗ്രാന്റ് – Road | 6004077 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 43716 |
| ആകെ ലാപ്സായ തുക | 1,22,19,833/- |

വികസനഫണ്ട് വിനിയോഗത്തിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര മികവ് പുലർത്തിയില്ലായെന്ന് കാണുന്നു. അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രോജക്ടുകൾക്കായി 52% തുക മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. റോഡ്

മെയിന്റനൻസ് ഗ്രാന്റിനത്തിൽ 60 ലക്ഷം രൂപയുടെ ബില്ലുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും ട്രഷറി നിയന്ത്രണങ്ങളാൽ ട്രഷറിയിൽ സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യവുമുണ്ടായി.

**മോണിറ്ററിംഗ്**

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതിനോ തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾക്ക്/ വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാന്വൽ നിഷ്ക്കർഷിക്കുന്ന ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2023-24 വർഷം 23 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 20 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 725 കുടുംബങ്ങൾക്ക് 51503 ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 386 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 260 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 242 പ്രവൃത്തികൾ പൂർത്തീകരിച്ചു. ശരാശരി 71.04 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 243 അയൽക്കൂട്ടങ്ങളിൽ 232 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി, മഴ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തോടുകളുടെ പുനരുദ്ധാരണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മഴക്കുഴി നിർമ്മാണം, റോഡരികുകളിൽ വൃക്ഷത്തൈ നടീൽ എന്നിവയാണ് ടി വർഷം നടപ്പാക്കിയ പ്രവൃത്തികൾ. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 589437 | 503206 | 1092643 | 1073960 | 18683 |
| ഇ.എഫ്.എം.എസ് | 0 | 21539887 | 21539887 | 21539887 | 0 |
| ആകെ | 589437 | 22043093 | 22632530 | 22613847 | 18683 |

31/03/2023 ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് തുക 18,283/- രൂപയും ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 18683/- രൂപയുമാണ്. 22.09.2022 തീയതിയിൽ നൽകിയ 400/- രൂപയുടെ നമ്പർ ചെക്ക് എൻക്യാഷ് ചെയ്യാതെ നിലനിൽക്കുന്നത് ക്രമീകരിച്ച് അക്കൗണ്ട് റിക്കൺസിലിയേഷൻ നടത്താത്തതിനാലാണ് ടി വ്യത്യാസം നിലനിൽക്കുന്നത്. 18.57 ലക്ഷത്തിലധികം രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 സാമൂഹ്യ ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 35059000 | 3194 |
| കർഷക തൊഴിലാളി പെൻഷൻ | 4209400 | 360 |
| വിധവ പെൻഷൻ | 13603300 | 1221 |
| 50 വയസിലധികം പ്രായമുള്ള | 668800 | 60 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | | |
| വികലാംഗ പെൻഷൻ | 4022900 | 346 |
| വിവാഹ ധനസഹായം | 250000 | 2 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 23/10/2024-ന് 03:40 പി.എം സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 9,275/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.
ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.
വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ 2024ഓഗസ്റ്റ് വരെ തയാറാക്കിയിട്ടുണ്ട് . മുൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ ,ലോൺ രജിസ്റ്റർ എന്നിവ മതിയായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടില്ല.ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.തൊഴിൽ നികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് ട്രേഡേഴ്സ് ലിസ്റ്റ് മതിയായ വിവരങ്ങൾ ചേർത്ത് തയാറാക്കി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി ഉൾപ്പെടെയുള്ള നികുതിപിരിവുകൾ പൊതുവെ കാര്യക്ഷമമായിരുന്നില്ലായെന്ന് കാണുന്നു.

വാർഷിക പദ്ധതി നിർവഹണത്തിൽ, ലഭ്യമായ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സേവനം കൃത്യമായി വിനിയോഗിക്കാനും സർക്കാർ ഗ്രാന്റുകളിൽ മികച്ച ചെലവു പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടില്ല. സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ പല മരാമത്ത് പ്രോജക്ടുകളും നടപ്പാക്കിയില്ല.നടപ്പിലാക്കിയ പല പ്രോജക്ടുകളുടെയും ബില്ലുകൾ യഥാസമയം മാറാൻ സാധിക്കാതെ 'ക്യൂ' വിലായതിനാൽ സംരക്ഷണഗ്രാന്റ് റോഡ് ഇനത്തിൽ വലിയ തുക ലാപ്സായിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗ് ഉണ്ടായിരുന്നില്ല. ആഭ്യന്തരനിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/08/2021 | 04/2021 – 06/2021 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/01/2014-06/02/2014 | 2009-10 മുതൽ 2013-14 വരെ | എൽ.ബി.എ(എച്ച്.ക്യു)/II/8/2223/322/05/2015 തീയതി 02/01/2015 |

## 1-11 ഓൺലൈൻ ഇടപാടുകൾക്കുള്ള പലിശരഹിത അക്കൗണ്ടിൽ വലിയ തുക ബാലൻസ് നിലനിൽക്കുന്നു

ഗ്രാമ പഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ അയർക്കുന്നം ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നം. 6073000000538). നികുതി തുകകൾ ഓൺലൈനായി ലഭിക്കുന്നത് പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. 31.09.2024 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം പ്രസ്തുത അക്കൗണ്ടിൽ ₹ 2483186/- രൂപ ബാക്കിയുണ്ട്. പലിശരഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ കറന്റ് അക്കൗണ്ടിൽ വലിയ തുക നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത തുക തനത് ഫണ്ട് ഹ്രസ്വകാല സ്ഥിര നിക്ഷേപമായോ, ഉയർന്ന പലിശനിരക്ക് ലഭിക്കുന്ന സൗത്ത് ഇന്ത്യൻ ബാങ്കിന്റെ തന്നെ തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടിലേക്കോ മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന് ആവശ്യമായ ചെലവ് കണക്കാക്കി തനത് ഫണ്ടിൽ ഒരു നിശ്ചിത തുക സൂക്ഷിക്കുകയും മിച്ചമായി കിടക്കുന്ന തുക വിവിധ സ്കീമിൽ സ്ഥിര നിക്ഷേപമാക്കി മാറ്റി തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്. ഈ വിഷയം പഞ്ചായത്ത് കമ്മറ്റി വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു-എ.സി.ആർ. എഴുതി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ മുൻവർഷങ്ങളിലുൾപ്പെടെ ലഭ്യമായ ഗ്രാന്റിൽ 1.43 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31/03/2024 ലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു .

| കണക്ക് ശീർഷകം | ഫണ്ട് വിശദാംശം | അവശേഷിക്കുന്ന തുക |
|---|---|---|
| 320100181 | സമ്പൂർണ്ണ ശുചിത്വ പരിപാടി ഫണ്ട്(TSC) | 102198/- |
| 320100196 | ICDS ഫണ്ട് | 3721792/- |
| 320200399 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 151318/- |
| 320100198 | ശുചിത്വ മിഷൻ ഗ്രാന്റ് | 500000/- |
| 320300199 | മറ്റ് സർക്കാർ ഏജൻസി ഗ്രാന്റ് | 7158114/- |
| 320800101 | ഗുണഭോക്തൃ വിഹിതം | 1626193/- |
| 320100191 | നിർമ്മൽ പുരസ്ക്കാരം | 29062/- |
| 320700405 | ജില്ലാ പഞ്ചായത്ത് (റവന്യൂ ചെലവിന്) | 542000/- |
| 320700104 | ബ്ലോക്ക് വിഹിതം (ക്യാപ്പിറ്റൽ ചെലവിന്) | 3032/- |
| 320100174 | സ്വച്ഛ് ഭാരത് അഭിയാൻ | 537349/- |
| ആകെ | | 1,43,71,058/- |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, പ്രോജക്ടുകൾക്കായി ചെലവഴിക്കുമ്പോൾ അക്കൗണ്ടന്റ് എ.സി.ആർ. തയ്യാറാക്കി ഓരോ ചെലവും പ്രോഗ്രസ്സീവ് ചെലവും സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്നിരിക്കെ അപ്രകാരം ചെയ്യാതെ ചെലവുകൾ നടത്തിയിരിക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്ട് നം., വൗച്ചർ നം., നിർവ്വഹണ ഉദ്യോഗസ്ഥൻ, ചെലവു വിശദാംശം എന്നിവ എ.സി.ആറിൽ രേഖപ്പെടുത്തി തുക, പ്രോഗ്രസീവ് ടോട്ടൽ, ബാലൻസ് എന്നിവയുടെ കൃത്യത ഉറപ്പാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതിരുന്നതിനും അവയുടെ വിനിയോഗം അക്കൗണ്ട് ചെയ്യുന്ന ACR കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്താതിരുന്നതിനും കൃത്യമായ വിശദീകരണം അനുബന്ധ രേഖകൾ ഉൾപ്പടെ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/26.10.2024) നൽകിയെങ്കിലും ആയവ ലഭ്യമാക്കിയില്ല. ഓരോ ഗ്രാന്റുകളുടെയും എ.സി.ആർ. തയ്യാക്കി മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളും അവയുടെ പ്രോജക്ട് വിശദാംശം ഉൾപ്പെടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി

ഹാജരാക്കേണ്ടതാണ്. അവശേഷിക്കുന്ന ഫണ്ടുകൾ 2024-25 വർഷം ചെലവഴിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 1-13 വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ വിവിധ സാമ്പത്തിക ഇടപാടുകളുടെ അക്കൗണ്ട്സ് സൂക്ഷിപ്പുമായി ബന്ധപ്പെട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ട അടിസ്ഥാന രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല. 2023-24 വർഷം അടിസ്ഥാന രജിസ്റ്ററുകൾ നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുള്ളത്. രജിസ്റ്റർ സൂക്ഷിപ്പിലെ പ്രധാനപ്പെട്ട അപാകതകൾ താഴെ വിവരിക്കുന്നു.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് | രജിസ്റ്ററിന്റെ ഉദ്ദേശ്യം | അപാകതകൾ |
|---|---|---|---|
| 1. | Special Grants Appropriation Control Register(ACR) | പഞ്ചായത്തിലെ എല്ലാ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും ബ്ലോക്ക് ജില്ല പഞ്ചായത്ത് വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതങ്ങൾ തുടങ്ങി പഞ്ചായത്ത് ഫണ്ടിലെ ഗ്രാന്റുകളുടെ വിനിയോഗം രേഖപ്പെടുത്തുന്ന രജിസ്റ്റർ. | രജിസ്റ്റർ സൂക്ഷിക്കുന്നില്ല. |
| 2. | Deposits Received Register | ലഭിച്ച നിക്ഷേപങ്ങളുടെ വിവരം, കാലയളവ്, റീഫണ്ട് എന്നിവ നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ. ഉദാ:EMD | എല്ലായിനങ്ങളുടെയും മുന്നിരിപ്പു തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | Loan Register | പഞ്ചായത്ത് എടുക്കുന്ന വായ്പാ വിവരങ്ങൾ, അവയുടെ തിരിച്ചടവ് എന്നിവ നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ | ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| 4. | Government & Other Dues Register | സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കുമുള്ള അടവാക്കൽ നിരീക്ഷിക്കുന്ന രജിസ്റ്റർ ഉദാ:GST | രജിസ്റ്ററും വിശദാംശങ്ങളും സൂക്ഷിക്കുന്നില്ല. |
| 5. | Asset Register | ആസ്തികളുടെ മൂല്യം കൃത്യമായി വർഗ്ഗീകരിച്ച് സൂക്ഷിക്കുന്നതിന്. | രജിസ്റ്റർ കാലികമല്ല. ആസ്തികളുടെ കൃത്യമായ കണക്കെടുപ്പ് നടന്നിട്ടില്ല. ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവുകൾ അക്കൗണ്ട് ചെയ്യുന്നതിൽ ധനകാര്യ പത്രികയിലും അപാകതകൾ നിലനിൽക്കുന്നു. |
| 6. | Advance Register | പഞ്ചായത്തിൽ നിന്നും നൽകുന്ന വിവിധ അഡ്വാൻസ് തുകകൾ, ഡെപ്പോസിറ്റ് വർക്ക് തുക എന്നിവയുടെ വിനിയോഗം ക്രമീകരണം | പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള വിവിധ മുൻകൂറുകൾ, ഏജൻസികളിൽ നിക്ഷേപിച്ച തുക എന്നിവയുടെ 01/04/2023 ലെ |

| | | | |
|---|---|---|---|
| | | എന്നിവ നിരീക്ഷിക്കുന്നതിന് | മുന്നിരിപ്പ് കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു. |
| 7. | Capital Work In Progress Register | പാർട്ട് ബിൽ വിശദാംശങ്ങൾ നിരീക്ഷിക്കുന്നതിന്. ഫൈനൽ ബിൽ പ്രകാരം ആസ്തിയിലേക്ക് ഉൾപ്പെടുത്തുന്നതിന് പ്രോജക്ട് വിശദാംശങ്ങൾ ഉൾപ്പടെ നിരീക്ഷിക്കുന്നതിന്. | രജിസ്റ്ററും വിശദാംശങ്ങളും സൂക്ഷിക്കുന്നില്ല. |
| 8. | Audit Recovery Register | ഓഡിറ്റ് റിപ്പോർട്ട്, സർച്ചാർജ് നോട്ടീസ് എന്നിവ പ്രകാരം അടവാക്കുന്ന തുകകളുടെ വരവ് , സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന്. തുക ഒടുക്കിയ വ്യക്തി/ സ്ഥാപനം, ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക, വർഷം തുടങ്ങിയ വിശദാംശങ്ങൾ ചേർത്ത് സെക്രട്ടറി സൂക്ഷിക്കേണ്ട രജിസ്റ്റർ. | രജിസ്റ്ററും വിശദാംശങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. |

ഓഡിറ്റ് കാലയളവിൽ മേൽ വിവരിച്ച അടിസ്ഥാന രജിസ്റ്ററുകൾ തയാറാക്കാതെയാണ് ഇടപാടുകൾ നടന്നിട്ടുള്ളത് എന്നതിനാൽ ഇടപാടുകളുടെ കൃത്യതയും ആധികാരികതയും ഓഡിറ്റിന് ഉറപ്പാക്കാനാവുന്നില്ല. മേൽവിവരിച്ച രജിസ്റ്ററുകൾ മുന്നിരിപ്പ് വിശദാംശങ്ങൾ, തൻവർഷ ഇടപാടുകൾ, ഇടപാടുകളുടെ സംക്ഷിപ്തം തുടങ്ങിയ എല്ലാവിവരങ്ങളും രേഖപ്പെടുത്തി ഓരോ ഇടപാടുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് . അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-14 എസ് സി പി, ടി എസ് പി ഫണ്ടുകളുടെ വിനിയോഗത്തിലെ പിഴവ് - പരിഹാര വകയിരുത്തൽ നടത്തേണ്ടിവന്നതുമൂലം 2024-25 വർഷം പൊതുവിഭാഗം ഫണ്ടിന് നഷ്ടം

സ.ഉ.(കൈ) നം.79/2021/ധന. തീ: 15.07.2021 പ്രകാരം 2021-22 മുതൽ ഒരു സാമ്പത്തിക വർഷം വികസന ഫണ്ടിലെ SCSP/TSP വിഹിതത്തിൽ ഉണ്ടാകുന്ന കുറവ് (20% ക്യാരി ഓവർ തുക അനുവദിക്കുന്നത് ഒഴിച്ചുള്ളത്) അടുത്ത വർഷത്തെ പൊതുവിഭാഗം ഫണ്ടിൽ നിന്നും അനുവദിച്ചാണ് പരിഹരിക്കുന്നത്. 2023-24 വർഷം എസ് സി പി, ടി എസ് പി ഫണ്ടുകളുടെ വിനിയോഗത്തിലെ പിഴവ് മൂലം ഷോർട്ട് ഫാൾ വന്ന തുക പൊതുവിഭാഗത്തിൽ നിന്നും അനുവദിച്ചതുമൂലം 2024-25 വർഷം പൊതുവിഭാഗം ഫണ്ടിൽ നിന്നും 4,53,837/- രൂപ കുറയുന്നതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

### എസ് സി പി ഗ്രാന്റ്

തൻവർഷം എസ് സി പി ഫണ്ടിനത്തിൽ ബജറ്റ് വിഹിതമായി 6069000/-രൂപ വകയിരുത്തിയിരുന്നു. ടി തുകയുടെ 72.85% തുകയായ 4420964/-രൂപ മാത്രമാണ് തൻവർഷം വിനിയോഗിച്ചത്. ലഭിച്ച തുകയുടെ 80% എന്ന വിനിയോഗ ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിനാൽ തൻവർഷം കുറവ് വന്ന തുകയായ 4,34,236/- രൂ. (4855200-4420964) തുടർ വർഷത്തേക്കുള്ള പരിഹാര വകയിരുത്തൽ എന്ന് കണക്കാക്കി 2024-25 വർഷത്തെ സാധാരണ വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് എസ് സി പി വിഹിതത്തിൽ വർദ്ധിപ്പിച്ച വിഹിതമായി ഉൾപ്പെടുത്തേണ്ടി വന്നിരിക്കുന്നു.

### ടി എസ് പി ഫണ്ട്

തൻവർഷം ജില്ലാ പഞ്ചായത്തിന് ടി എസ് പി ഫണ്ടിനത്തിൽ ബജറ്റ് വിഹിതമായി 168000/- രൂപയാണ് ലഭ്യമായത്. ആയതിന്റെ 68.33% തുകയായ 114799/-രൂപ മാത്രമാണ് തൻവർഷം വിനിയോഗിച്ചത്. ടി എസ് പി ഫണ്ടിനത്തിലും ലഭിച്ച തുകയുടെ 80% എന്ന വിനിയോഗ

ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. ഇക്കാരണത്താൽ തൻവർഷം കുറവ് വന്ന തുകയായ 19,601/- രൂ. (134400-114799) തുടർ വർഷത്തേക്കുള്ള പരിഹാര വകയിരുത്തൽ എന്ന് കണക്കാക്കി 2024-25 വർഷത്തെ സാധാരണ വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് ടി എസ് പി ഫണ്ടിനത്തിൽ വർദ്ധിപ്പിച്ച വിഹിതമായി ഉൾപ്പെടുത്തേണ്ടി വന്നിരിക്കുന്നു .

പരിഹാര വകയിരുത്തൽ അടിസ്ഥാനമാക്കിയുള്ള വിഹിതം കൂടി പൊതുവിഭാഗത്തിൽ നിന്ന് കുറവ് ചെയ്ത് എസ് സി പി, ടി എസ് പി വിഭാഗങ്ങളിൽ അധികമായി ഉൾപ്പെടുത്തി വിനിയോഗിക്കേണ്ടി വരുന്ന അവസ്ഥ ഉണ്ടാവാതിരിക്കേണ്ടതിന് തുടർ വർഷങ്ങളിൽ ഈ വിഭാഗത്തിലെ പ്രോജക്റ്റ് നിർവ്വഹണത്തിലും വിനിയോഗ ലക്ഷ്യം കൈവരിക്കുന്നതിലും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ജാഗ്രതാ പൂർണമായ സമീപനം പുലർത്തേണ്ടതാണ്. എസ് സി പി, ടി എസ് പി വിഭാഗങ്ങളിൽ സേവനമേഖലയിലും പശ്ചാത്തല മേഖലയിലും (ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് /സോഷ്യൽ മാപ്പ് അടിസ്ഥാനമാക്കി ഏറ്റെടുക്കാവുന്നത്) ഏറ്റെടുക്കാവുന്ന നിരവധി പ്രൊജക്റ്റുകൾ അതാത് വർഷം നിർവ്വഹിക്കപ്പെടാനാവാത്തതിന്റെ കാരണങ്ങൾ കൃത്യമായി വിശകലനം ചെയ്യേണ്ടതുണ്ട്. ഓരോ വർഷവും ലഭ്യമാകുന്ന മുഴുവൻ തുകയും ചെലവഴിക്കുന്നതിനും തുടർ വർഷങ്ങളിൽ പരിഹാര വകയിരുത്തൽ നടത്തേണ്ടി വരുന്നതു മൂലമുള്ള വിഭാഗം തിരിച്ചുള്ള ഫണ്ട് വകയിരുത്തൽ / വിനിയോഗത്തിലെ അസന്തുലിതാവസ്ഥ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 25 ലക്ഷത്തിലധികം രൂപ വസ്തുനികുതി/സേവന ഉപനികുതി കുടിശ്ശിക നിലനിൽക്കുന്നു

31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി/സേവന ഉപനികുതി ഇനത്തിൽ പഞ്ചായത്തിന് 25.89 ലക്ഷം രൂപ ലഭിക്കാനുള്ളതായി കാണുന്നു. കുടിശ്ശികയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി/സേവന ഉപനികുതി കുടിശ്ശിക ഇനം | കുടിശിക തുക |
|---|---|---|
| 431100101 | പാർപ്പിടാവശ്യ കെട്ടിടനികുതി (2023-24) | 607964 |
| 431100102 | പാർപ്പിടാവശ്യ കെട്ടിടനികുതി (കുടിശ്ശിക) | 607988 |
| 431100103 | പാർപ്പിടേതര കെട്ടിടനികുതി (2023-24) | 561810 |
| 431100104 | പാർപ്പിടേതര കെട്ടിടനികുതി(കുടിശ്ശിക) | 594043 |
| 431100105 | സേവന ഉപനികുതി(2023-24) | 112972 |
| 431100106 | സേവന ഉപനികുതി(കുടിശ്ശിക) | 104877 |
| ആകെ 31-03-2024 ൽ ലഭിക്കാനുള്ള കുടിശ്ശിക | | 2589654 |

തൻ വർഷത്തെ വസ്തുനികുതിപിരിവ് 83.8% മാത്രമാണ്. ലൈബ്രറി സെസ്സ് ഉൾപ്പെടെ കടിശ്ശിക വസ്തുനികുതി ഈടാക്കാനുള്ള അടിയന്തിര നടപടി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി- സേവനഉപനികുതി വിജ്ഞാപനം ചെയ്തതിലും കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു

വസ്തുനികുതിയുടെ പുതുക്കിയ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തത് ഗ്രാമപഞ്ചായത്ത് ഭരണസമിതി 5/12/2023-ലെ 4(2) തീരുമാനപ്രകാരം അന്തിമമാക്കിയിട്ടുണ്ട്. ആയതു പ്രകാരം സേവന ഉപനികുതി നിരക്കുകൾ 10%ൽ നിന്നും 15% ആയി പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ വസ്തുനികുതി അസ്സസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിലവിലും 10% നിരക്കിലാണ് സേവന ഉപനികുതി ഈടാക്കുന്നതെന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | നിലവിലെ നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|
| ശുചിത്വ പരിപാലനം | 4 | 4 |
| തെരുവുവിളക്ക് | 2 | 5 |
| ജലവിതരണം | 3 | 5 |
| ഡ്രെയിനേജ് | 1 | 1 |
| ആകെ | **10** | **15** |

വസ്തുനികുതിയിന്മേലുള്ള സേവനഉപനികുതി ഇപ്രകാരം കുറഞ്ഞ നിരക്കിൽ ഈടാക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/28.10.24) മറുപടി ലഭിച്ചില്ല. അപാകത പരിഹരിക്കേണ്ടതും നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-17 സേവന ഉപനികുതി കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തു നികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് സേവന ഉപനികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ വസ്തു നികുതിയിന്മേൽ സേവന ഉപനികുതി ചുമത്തിയിട്ടുള്ള സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്നും സേവന ഉപനികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 18/28.10.24) മറുപടി ലഭിച്ചില്ല. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതായ സേവന ഉപനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ പരിഗണിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്)' എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ തരംതിരിവുകളിൽ ഒരേ വാർഡിലെ തന്നെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | കെട്ടിട നമ്പർ | ഉടമസ്ഥൻ | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|
| തണ്ടാശ്ശേരി നീറിക്കാട് റോഡ് | 17/503 C 159.96 ച.മീ | രാജീവ് രാഘവൻ | 1.5 മീറ്ററിൽ കുടുതൽ വീതിയുള്ള റോഡ് |
| | 17/503 B 184.48 ച.മീ | മറിയാമ്മ.ടി.എ | 5 മീറ്ററോ അതിൽ കൂടുതൽ |
| | | | |

| | | | |
|---|---|---|---|
| പുതുപ്പള്ളിക്കുന്ന് -ചപ്പാത്ത് റോഡ് | 13/303 | പി.എം.ഫിലിപ്പോസ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| | 13/307 | വി.എ.എബ്രഹാം വട്ടത്തിൽ | 5 മീറ്ററോ അതിൽ കൂടുതൽ |
| | 13/305 | നിദീഷ്.വി.ജേക്കബ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| അയർക്കുന്നം -തിരുവഞ്ചൂർ റോഡ് | 13/177 | എബ്രഹാം | 1.5 മീറ്ററിൽ കുടുതൽ വീതിയുള്ള റോഡ് |
| | 13/178A | സുകുമാരൻ | 5 മീറ്ററോ അതിൽ കൂടുതൽ |
| | 13/184A | തോമസ് സ്കറിയ | 1.5 മീറ്ററിൽ കുടുതൽ വീതിയുള്ള റോഡ് |

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/26.10.24) മറുപടി ലഭിച്ചില്ല. വസ്തു നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/03/2023-ലെ ജി.ഒ(എം‌എസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്ക്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും, 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവ് അനുസരിച്ച് വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതുക്കിയ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തത് ഗ്രാമപഞ്ചായത്ത് ഭരണസമിതി 5/12/2023-ലെ 4(2) തീരുമാനപ്രകാരം അന്തിമമാക്കിയിട്ടുണ്ട്.

2023-24-ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ 01/04/2023 ന് ശേഷം പുതുക്കിയ നിരക്ക് വിജ്ഞാപനം ചെയ്തതുവരെയുള്ള കാലയളവിൽ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 2013 മുതൽ പ്രാബല്യത്തിലുള്ള നികുതി നിരക്കാണ് (പഴയ നിരക്ക് ) ബാധകമാക്കിയിട്ടുള്ളതെന്ന് കാണുന്നു. നികുതി നിരക്കിലുള്ള വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഉപയോഗക്രമം | നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക്(രൂപ) | നിർണ്ണയിക്കേണ്ട പുതുക്കിയ നിരക്ക്(രൂപ) | വ്യത്യാസം(രൂപ) ചതുരശ്ര മീറ്ററിന് |
|---|---|---|---|
| പാർപ്പിടാവശ്യം (300 ച.മീ. വരെയുള്ളവ) | 6 | 7 | 1 |
| 100 ച.മീ. വരെയുള്ള വാണിജ്യാവശ്യം | 30 | 40 | 10 |
| 100 ച.മീ. മുകളിലുള്ള വാണിജ്യാവശ്യം | 50 | 60 | 10 |
| 500 ച.മീ. മുകളിലുള്ള വാണിജ്യാവശ്യം | 70 | 80 | 10 |

| | | | |
|---|---|---|---|
| മൊബൈൽ ടവർ | 500 | 525 | 25 |

ഇപ്രകാരം നികുതി നിർണയിച്ചതിനാൽ നികുതി നിർണയത്തിൽ കുറവുണ്ടായ ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം., കെട്ടിട ഉടമ | ഉപയോഗക്രമം | വിസ്തീർണ്ണം(ച.മീ.) | നിലവിൽ നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|
| 1 | 111/96C രാമൻ ഗോപാലൻ | വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ വരെ | 20.7 | 621 | 828 |
| 2 | 13/41A ഇൻഡസ് ടവേഴ്സ് | മൊബൈൽ ടവർ | 41.46 | 20740 | 21767 |
| 3 | 17/30A വിനു.പി.കെ, വർഷ | പാർപ്പിടാവശ്യത്തിനുള്ള 300 ച.മീറ്റർ വരെ | 174.56 | 1047 | 1222 |

01.04.2023-നു ശേഷവും പഴയ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ ഓരോ ചതുരശ്ര മീറ്ററിനും പട്ടികയിൽ സൂചിപ്പിച്ച നിരക്കിൽ കുറവുണ്ടാകുന്നതായി കാണുന്നു. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/26.10.24) മറുപടി ലഭിച്ചില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1- 20 തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

2023-24 വർഷത്തെ തൊഴിൽ നികുതി വരവുകൾ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും, സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

എ)ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കൊശമറ്റം ഫിനാൻസ് | 1 |
| 2 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ | 1 |
| 3 | TS No. 8,9,10,11 | 2 |
| 4 | TS No. 6 | 1 |

ബി) സ്ഥാപന തൊഴിൽനികുതി ഒടുക്കാത്തവ

| ക്രമനമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | SBI ,അറുമാനൂർ | 2 |
| 2 | SBI ,അയർക്കുന്നം | 2 |
| 3 | കൊണ്ടോടി ഓട്ടോക്രാഫ്റ്റ് | 2 |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ് ,തിരുവഞ്ചൂർ | 1,2 |
| 5 | എൽഎം.ആക്ടിവ | 2 |
| 6 | TS No.7,8,9,10,11 | 2 |

പ്രസ്തുത സ്ഥാപനങ്ങളുടെയും, ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/26.10.24) മറുപടി ലഭിച്ചില്ല. തൊഴിൽ നികുതി അടിയന്തിരമായി പിരിച്ചെടുത്ത് പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ജീവനക്കാരുടെ തൊഴിൽ നികുതി- അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയില്ല

2023-24 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കൊണ്ടോടി ഓട്ടോക്രാഫ്റ്റ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ ) ചട്ടം 3 അനുശാസിക്കും പ്രകാരമുള്ള നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അർദ്ധവർഷത്തെ ആകെ ശമ്പളം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | അഭിജിത്ത് വി.എൽ. | 70605 | 600 | 400 |
| 2 | അബിൻബാബു | 72520 | 600 | 450 |
| 3 | ഷിബിൻലാൽ സി. | 101710 | 1000 | 667 |
| 4 | പ്രവീൺ എം. നായർ | 104245 | 1000 | 667 |
| 5 | സിനുമോൻ എം. എം. | 78266 | 750 | 500 |
| 6 | മിഥുൻ മോഹൻദാസ് | 27615 | 180 | 120 |
| 7 | ഭാസ്ക്കരൻ | 75652 | 750 | 355 |

ടി സ്ഥാപനത്തിലെ എല്ലാ ജീവനക്കാരിൽ നിന്നും ഇപ്രകാരം കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്. സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന ലിസ്റ്റിലുൾപ്പെട്ട ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായ തുകയാണോ എന്ന് പരിശോധിക്കാതെയാണ് നികുതി ഈടാക്കിയിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/26.10.24) മറുപടി ലഭിച്ചില്ല. വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി തൊഴിലുടമ സമർപ്പിയ്ക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തൊഴിൽ നികുതി അടവാക്കിയതിലെ കുറവ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1- 22 വാടക പിരിവ് - അപാകതകൾ

ലഭ്യമാക്കിയ രേഖകൾ പ്രകാരം അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള 34 മുറികളാണ് വാടകയ്ക്ക് നൽകുന്നത്. വാടക/ഡി.സി.ബി. പത്രിക പ്രകാരം നിലവിലുള്ള കുത്തകക്കാർ വാടക പുതുക്കി തുടരുകയാണ്. വാടക രജിസ്റ്റർ, എഗ്രിമെന്റുകൾ തുടങ്ങിയ രേഖകൾ പരിശോധിച്ചതിൽ നിന്നും വാടക ഈടാക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

1. ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോയ്ക്ക് പഞ്ചായത്ത് വകുപ്പ് അംഗീകാരം നൽകിയിട്ടില്ല. ബൈലോ കരട് തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. 31/03/2024 ലെ ബാലൻസ് ഷീറ്റ് കണക്ക് ശീർഷകം 340200101 - Rent Deposit പ്രകാരമുള്ള വാടക നിക്ഷേപം 3293/- രൂപ മാത്രമാണ്. വാടക ഡിമാൻഡ് രജിസ്റ്ററിൽ വാടക നിക്ഷേപം സംബന്ധിച്ച് രേഖപ്പെടുത്തലുകളില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 10 ആളുകൾ മാത്രമാണ് വാടക നിക്ഷേപം ഒടുക്കിയിട്ടുള്ളത്. വാടക തുകയ്ക്ക് ആനുപാതികമായുള്ള വാടക നിക്ഷേപമല്ല ഈടാക്കിയിട്ടുള്ളത്.

3. വാടക ഡിമാന്റ് രജിസ്റ്ററിൽ ഓരോ മുറികളുടെയും ഡിമാന്റ് തുകയും കളക്ഷനും എഴുതി വർഷാവസാനം ക്ലോസ് ചെയ്യുന്നില്ല. ഓരോ മുറികളുടെയും കണക്കുകൾ വാർഷികമായി ക്ലോസ് ചെയ്താണ് ഡി.സി.ബി. തയ്യാറാക്കേണ്ടത്.

4. നിലവിൽ 34 കുത്തകക്കാർ കടമുറികൾ കൈവശം വെച്ച് ഉപയോഗിക്കുന്നുണ്ടെങ്കിലും 23 എണ്ണം വാടക എഗ്രിമെന്റുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്. ഭൂരിഭാഗം എഗ്രിമെന്റുകളും പഞ്ചായത്ത് സെക്രട്ടറിയും സാക്ഷികളും കയ്യൊപ്പ്

രേഖപ്പെടുത്താതെയാണ് സൂക്ഷിച്ചിട്ടുള്ളത് . കരാർ രേഖകൾ പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരിക്കുന്നത് ഭാവിയിൽ എന്തെങ്കിലും നിയമപ്രശ്നങ്ങൾ ഉണ്ടാവുകയാണെങ്കിൽ പഞ്ചായത്തിന് ദോഷകരമാകുന്നതായിരിക്കും.

വാടക നടപടിക്രമങ്ങളിലും അനുബന്ധരേഖകൾ കൈകാര്യം ചെയ്യുന്നതിലുമുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/26.10.24) മറുപടി ലഭ്യമാക്കിയില്ല. നിലവിലുള്ള എല്ലാ കുത്തകക്കാരും നിയമാനുസൃതമുള്ള വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ഉറപ്പാക്കേണ്ടതാണ്.

## 1- 23 ബസ് സ്റ്റാൻഡ് ഫീസ് പിരിവ് - ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്

1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ , വിരാമസ്ഥലങ്ങൾ , വണ്ടിത്താവളങ്ങൾ മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടം 14 പ്രകാരം ബസ് സ്റ്റാൻഡിൽ യാത്രക്കാർക്കും മോട്ടോർ വാഹനത്തിനും വേണ്ടി ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ ചുവടെ സൂചിപ്പിക്കും പ്രകാരം വിവരിച്ചിട്ടുണ്ട്. പഞ്ചായത്ത് മോട്ടോർ വാഹനത്തിനു വേണ്ടിയുള്ള പൊതുവായ വണ്ടിത്താവളത്തിലും പാർക്ക് ചെയ്യുന്ന സ്ഥലങ്ങളിലും താഴെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. .

1. യാത്രക്കാർക്കു വിശ്രമമുറിയും സ്റ്റാൻഡിൽ കൂടി കടന്നു പോകുന്ന ബസ്സുകൾക്ക് പാർക്ക് ചെയ്യാൻ മതിയാവുന്നത്ര സ്ഥലസൗകര്യവും
2. ടോയ്ലറ്റും മൂത്രപ്പുരയും
3. ആവശ്യമെങ്കിൽ ബസ് എത്തിച്ചേരുന്നതും പുറപ്പെടുന്നതും അറിയിക്കുന്ന പൊതു അനൗൺസ്മെൻറ് സിസ്റ്റം

പ്രസ്തുത അവകാശങ്ങൾ കൈമാറുന്നതിനായി ഗ്രാമപഞ്ചായത്ത് പൊതുജനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കേണ്ടതും പഞ്ചായത്ത് ഏർപ്പെടുത്തുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് നൽകിക്കൊണ്ട് അപ്രകാരമുള്ള അവകാശങ്ങൾ ഏൽപ്പിച്ചു കൊടുക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് . 2023-24 വാർഷിക ധനകാര്യപത്രിക പ്രകാരം പഞ്ചായത്തിന് ബസ് സ്റ്റാൻഡ് ഫീസ് ഇനത്തിൽ വരവുള്ളതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 08/26.10.2024) മറുപടിയായി ബസ് സ്റ്റാൻഡിൽ നിന്നും ഫീസ് പിരിക്കുന്നതിനായി ലേലനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 പാടശേഖര സമിതിക്ക് കൊയ്ത്തുമെതി യന്ത്രം വാടകയ്ക്ക് നൽകിയത് - വാടക കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

അയർക്കുന്നം ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലുള്ള കൊയ്ത്തുമെതി യന്ത്രം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09/11/2016 ലെ സാധാരണ യോഗത്തിലെ നാലാം നമ്പർ തീരുമാനപ്രകാരം 70,000/- രൂപ വാർഷിക വാടക നിരക്കിൽ പ്രതിവർഷം 5 % വർദ്ധനവോടെ കെഴുവള്ളിപ്പാടം നെല്ല് ഉത്പാദക സഹകരണ സംഘത്തിന് കൈമാറുവാൻ തീരുമാനിച്ചിരുന്നു. കൊയ്ത്തുമെതി യന്ത്രത്തിന്റെ കേടുപാടുകൾ തീർക്കുന്ന ഉത്തരവാദിത്തം മേൽ തീരുമാനപ്രകാരം കർഷക സംഘത്തെ ഏല്പിച്ചിട്ടുള്ളതുമാണ്. വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2023 - 24 വർഷം വരെ കൊയ്ത്തുമെതി യന്ത്രം വാടകയ്ക്ക് നൽകിയതിൽ വാടക കുടിശ്ശിക 2,19,304/- രൂപ ഇനിയും അടവാക്കിയിട്ടില്ലന്ന് കാണുന്നു. നിലവിലെ വാടക കുടിശ്ശിക വിശദാംശം ചുവടെ ചേർക്കുന്നു.

2019-20 ലെ വാടക കുടിശ്ശിക = 15743/-

2022-23 ലെ വാടക ഇനത്തിലെ തുക = 93807/-

2022-23 ലെ പിഴപ്പലിശ = 11257/-

2023-24 ലെ വാടകയിനത്തിലെ തുക = 98497/-

ആകെ വാടക കുടിശ്ശിക = 2,19,304/-

വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 11/ 26.10.2024) മറുപടിയായി പാടശേഖര സമിതിക്ക് കുടിശ്ശിക ഡിമാൻഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

**1-25 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ**

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2023-24 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| **കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം** | **എണ്ണം** |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1386 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 357 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 4 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 106 |
| വാണിജ്യാവശ്യം - 100 ച.മീ മുകളിൽ 500 ച.മീ. വരെയുള്ളവ | 14 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 11 |
| ഓഫീസ് ആവശ്യം | 81 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 32 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 67 |
| എം എസ് എം ഇ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ | 12 |
| **ആകെ എണ്ണം** | **2070** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 508 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ലൈസൻസ്, ട്രേഡ്ലിസ്റ്റിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡ്ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും

അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തീയതിയിൽ അവസാനിക്കണമെന്ന് പ്രസിഡന്റ് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയുന്ന മുൻ തീയതിയിൽ അവസാനിക്കുന്നതുമാകുന്നു.

2023-24 വർഷത്തിൽ അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 509 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും /പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2023 ഫെബ്രുവരി-മാർച്ച് മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 279 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ റൂൾ 2 (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഫീസ് ഈടാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ഫീസ് ചുമത്താവുന്നതുമാണ്. എന്നാൽ സാമ്പത്തിക വർഷം ലൈസൻസ് ഫീസ് പിരിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. പല സ്ഥാപനങ്ങളിൽ നിന്നും 500 രൂപയിലും കുറഞ്ഞ തുകയാണ് ഫീസായി ഈടാക്കിയിട്ടുള്ളത് ഇപ്രകാരം ലൈസൻസ് ഫീസ് കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമായിട്ടില്ല . മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം